**Deepika**

**19 August 2018**

**Kodamangalam, Flood, Medicines were Destroyed**



## വെള്ളം കയറി മരുന്നുകൾ നശിച്ചു

**കോതമംഗലം:** കുട്ടമ്പുഴ കുടുംബാരോഗ്യകേന്ദ്രത്തിൽ വെള്ളം കയറി ജീവൻ രക്ഷാ മരുന്നുകളടക്കം നശിച്ചു. കഴിഞ്ഞ ദിവസം കുട്ടമ്പുഴ പുഴ കരകവിഞ്ഞതോടെ പ്രദേശം മുഴുവൻ വെള്ളം കുറയുകയായിരുന്നു.

ആശുപത്രിയിൽ വെള്ളംകയറുന്ന വിവരം പുറംലോകം അറിഞ്ഞത് വളരെ വൈകിയാണ്. അതുകൊണ്ടു തന്നെ സാധന സാമഗ്രികൾ പൂർണമായി മാറ്റാനുള്ള സമയം ലഭിച്ചില്ല. വിലപിടിപ്പുള്ള ചികിത്സാ ഉപകരണങ്ങളും പൂർണമായി നശിച്ചു. വെള്ളപ്പൊക്കം മൂലം ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും എത്താനാകാതെ വന്നതോടെ ആശുപത്രിയുടെ പ്രവർത്തനവും പൂർണമായി മുടങ്ങി. ആശുപത്രി താൽക്കാലികമായി പ്രവർത്തിക്കാൻ സംവിധാനം ഒരുക്കണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്.